## ബി.കെ ജഅ്ഫർ തങ്ങൾ

**പാടൂർ** പ്രാദേശിക ജമാഅത്തിലെ കാർക്കൂൻ ആയിരുന്ന ബി.കെ ജഅ്ഫർ തങ്ങൾ(74), നവോത്ഥാന ചിന്തകൾ മനസ്സിലാക്കിയവർപോലും പുറത്ത് പറയാൻ മടിച്ചിരുന്ന പഴയ കാലത്ത് ഇസ്‌ലാമിക പ്രസ്ഥാനത്തെ പഠിച്ച് മറ്റുള്ളവരിലേക്ക് പകരുവാൻ ധൈര്യം കാണിച്ച വ്യക്തിത്വമായിരുന്നു. *പ്രബോധനം* പണ്ടുമുതൽക്കുതന്നെ മുതുവട്ടൂരിൽ നിന്ന് കൊണ്ട് വന്ന് മറ്റുള്ളവരെ കൊണ്ട് വായിപ്പിക്കുന്നതിലും വരിക്കാരാക്കുന്നതിലും ഉൽസുകനായിരുന്നു. 1967-ലെ ഫർക്കാ സമ്മേളനത്തിൽ പങ്കെടുത്ത് പ്രസ്ഥാനത്തിന്നായി സ്വയം സമർപ്പിക്കുകയായിരുന്നു. നാട്ടിലെ എസ്.എസ്.എൽ.സി പാസ്സായ കുട്ടികളെ ഇസ്‌ലാമിക സ്ഥാപനങ്ങളിൽ ചേർത്ത് പഠിപ്പിക്കുകയെന്നത് ദൗത്യമായി ഏറ്റെടുത്ത തങ്ങൾ, സ്വന്തം മക്കളെ ശാന്തപുരത്തും തളിക്കുളത്തും അയച്ച് മാതൃക കാട്ടി. *മാധ്യമം* ദിനപ്പത്രത്തിന്റെ തുടക്ക കാലത്ത്, നാട്ടിൽ അതിന്റെ പ്രചാരണത്തിന് ഏറെ യത്നിച്ചു. സ്വയം ഏജന്റും കുറെകാലം അതിന്റെ പ്രാദേശിക ലേഖകനുമായിരുന്നു. പാടൂർ ഹൽഖയുടെ സ്ഥാപക സെക്രട്ടറിയായിരുന്ന തങ്ങൾ വായനാ തൽപരനും തൃശൂരിലെ ബിസ്മി സ്റ്റാളിന്റെയും ഉദയം പൂവത്തൂർ ലൈബ്രറിയുടെയും അമരക്കാരനായിരുന്നു. വളരെ പഴക്കം ചെന്ന നോട്ടീസുകൾ, താളിയോലകൾ, സ്പെഷൽ പതിപ്പുകൾ, ലെൻസുകൊണ്ട് മാത്രം ഓതാൻ കഴിയുന്ന ഒരിഞ്ചു വലിപ്പമുള്ള ഖുർആൻ എന്നിവ അദ്ദേഹത്തിന്റെ പുസ്തകശേഖരത്തിൽ പെടുന്നു. അദ്ദേഹത്തിന്റെ സുഹൃദ് വലയം മൂന്ന് തലമുറകളിൽ പരന്നു കിടക്കുന്നു. റഹീമാ ബീവിയാണ് ഭാര്യ. ജുവൈരിയ ബീവി, ഗാലിബ് തങ്ങൾ, മുജ്തബ തങ്ങൾ മക്കളാണ്.



**കെ അബ്ദുൽ വാഹിദ്**

## പി.ഇ സെയ്ദു മുഹമ്മദ്

**ഇടുക്കി** ജില്ലയിലെ ആദ്യകാല ജമാഅത്ത് പ്രവർത്തകരിൽ ഒരാളായിരുന്നു പി.ഇ സെയ്ദു മുഹമ്മദ്. 1980-കളിൽ ജില്ലയിലെ തൊടുപുഴയിൽ പ്രസ്ഥാന ഘടകം രൂപം കൊള്ളുമ്പോൾ തന്നെ അതിൽ സഹകാരിയായി. പിന്നീട് കാർക്കൂനുമായി. മരിക്കും വരെയും പ്രവർത്തന രംഗത്ത് സജീവമായിരുന്നു.

തൊടുപുഴയിൽ പ്രസ്ഥാനം കെട്ടിപ്പടുക്കാൻ മുൻപന്തിയിൽ നിന്ന അദ്ദേഹത്തിന് ആദ്യകാലത്ത് കടുത്ത എതിർപ്പുകളാണ് നേരിടേണ്ടിവന്നത്. കൈയേറ്റ ശ്രമം വരെയുണ്ടായി. അപ്പോഴും തനിക്ക് ശരിയെന്ന് തോന്നിയ ആദർശത്തിൽ ഉറച്ചുനിന്നു. തൊടുപുഴ ടൗണിലെ മദീന മസ്ജിദിന്റെയും പെരുമ്പിള്ളിച്ചിറയിലെ ഇസ്‌ലാമിക് സെന്ററിന്റെയും നിർമാണത്തിന് മുൻകൈയെടുത്തതും മുഖ്യ പങ്കുവഹിച്ചതും അദ്ദേഹമായിരുന്നു.

വെൽഫെയർ പാർട്ടി രൂപവത്കരണത്തോടെ അതിന്റെ സജീവ പ്രവർത്തകനായി. മത, രാഷ്ട്രീയ മേഖലകളിലെ പ്രവർത്തനങ്ങളോടൊപ്പം തൊടുപുഴയിലെ പരിസ്ഥിതി പ്രവർത്തന മേഖലയിലും സെയ്ദിന്റെ പങ്കാളിത്തം ശ്രദ്ധേയമായിരുന്നു. ഇതിനെല്ലാമിടയിൽ മറ്റുള്ളവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സമയം കണ്ടെത്തി. ഒരിക്കൽ പരിചയപ്പെട്ടവർക്ക് ഒരിക്കലും മറക്കാൻ കഴിയാത്ത വ്യക്തിത്വമായിരുന്നു അദ്ദേഹം.

ആര് എന്ത് സഹായത്തിന് വിളിച്ചാലും അപ്പോൾ ഇറങ്ങിപ്പുറപ്പെടുന്ന സ്വഭാവക്കാരനായിരുന്നു. അതുകൊണ്ട് തന്നെ എല്ലാ മേഖലയിൽ പെട്ടവരുമായും വിപുലമായ വ്യക്തിബന്ധമാണ് ഉണ്ടായിരുന്നത്. നാട്ടിലെ സുഹൃത്തിനെ സഹായിക്കാനുള്ള യാത്രക്കിടയിലാണ് അദ്ദേഹത്തിന്റെ അന്ത്യമുണ്ടായതും. കരുവാരക്കുണ്ടിൽ സുഹൃത്തിനുവേണ്ടി റബർ തോട്ടം കണ്ട് മടങ്ങുമ്പോൾ പാമ്പ് കടിയേൽക്കുകയായിരുന്നു. ഉടൻ ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല.



**സി.എം ഹുസൈൻ പെരുമ്പിള്ളിച്ചിറ**

*അല്ലാഹുവേ, പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കേണമേ - ആമീൻ*